**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3465** **15-02-2024 - ൽ മറുപടിയ്ക്ക്**

**കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ അന്വേഷകർക്ക് പുതിയ കാലത്തെ തൊഴിൽ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ കൃത്യവും തൃപ്തികരവുമായ കരിയർ നിർദ്ദേശങ്ങൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ട സാഹചര്യം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | തൊഴിൽ അന്വേഷകർക്ക് പുതിയ കാലത്തെ തൊഴിൽ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ കൃത്യവും തൃപ്തികരവുമായ കരിയർ നിർദ്ദേശങ്ങൾ നൽകുന്നതിന് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലാണ് കേരളത്തിലെ ആദ്യ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിച്ചത്. ആയതിന് ശേഷം പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ആഗോള തൊഴിൽ സാധ്യതകൾക്കനുയോജ്യമായ വൈവിധ്യമാർന്ന കോഴ്സുകൾക്ക് പ്രവേശനം നേടാൻ സഹായിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ആഗോള തൊഴിൽ സാധ്യതകൾക്കനുയോജ്യമായ വൈവിധ്യമാർന്ന കോഴ്സുകൾക്ക് പ്രവേശനം നേടാൻ സഹായിക്കുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | തൊഴിൽ അന്വേഷകർക്ക് ഉന്നതപഠന മേഖലകളെക്കുറിച്ചും അതുവഴി എത്തിച്ചേരാൻ കഴിയുന്ന തൊഴിൽ മേഖലകളെക്കുറിച്ചും കൃത്യമായ മാർഗ്ഗനിർദ്ദേശവും സംശയനിവാരണവും ഉറപ്പാക്കുന്ന കേന്ദ്രങ്ങളായി ഇവയെ പരിവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | തൊഴിൽ അന്വേഷകർക്ക് ഉന്നതപഠന മേഖലകളെക്കുറിച്ചും അതുവഴി എത്തി ചേരാൻ കഴിയുന്ന തൊഴിൽ മേഖലകളെക്കുറിച്ചും കൃത്യമായ മാർഗ്ഗ നിർദ്ദേശവും സംശയനിവാരണവും ഉറപ്പാക്കുന്ന കേന്ദ്രമായാണ് സംസ്ഥാനത്ത് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നത്. പരിചയസമ്പന്നനായ എംപ്ലോയ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ മനഃശാസ്ത്രത്തിൽ വൈദഗ്ധ്യമുള്ള കരിയർ കൗൺസലറും ഇൻഫർമേഷൻ |

| | | | |
|---|---|---|---|
| | | | ടെക്നോളജിയിൽ മികവ് പുലർത്തുന്ന ഐടി ഓഫീസറും അടങ്ങുന്നതാണ് സംസ്ഥാനത്തെ കരിയർ ഡവലപ്മെന്റ് സെന്ററുകൾ. |
| (ഡി) | ഉദ്യോഗാർത്ഥികളിൽ ദിശാബോധവും ആത്മവിശ്വാസവും ജനിപ്പിക്കുന്നതിന് പര്യാപ്തമായ കൗൺസിലിങ്, മോട്ടിവേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിന് കരിയർ ഗൈഡൻസ് സെൻററുകൾ സഹായകരമാകുമോ; വിശദീകരിക്കുമോ? | (ഡി) | ഉദ്യോഗാർത്ഥികളിൽ ദിശാബോധവും ആത്മവിശ്വാസവും ജനിപ്പിക്കുന്നതിന് പര്യാപ്തമായ കൗൺസിലിംഗ്, മോട്ടിവേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ സഹായകരമാകുന്നുണ്ട്.<br><br>വ്യക്തിയെയും, കുടുംബത്തെയും ആഴത്തിൽ അറിഞ്ഞുകൊണ്ട് ജീവിതവിജയം സാധ്യമാവുന്ന വഴികൾ തെരഞ്ഞെടുക്കാൻ സഹായിക്കുന്നതിന് പരിചയ സമ്പന്നനായ എംപ്ലോയ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ, മനഃശാസ്ത്രത്തിൽ വൈദഗ്ധ്യമുള്ള കരിയർ കൗൺസലറുടെ സേവനം സി.ഡി.സി യിൽ ലഭ്യമാണ്. വ്യക്തിയുടെ പഠന നിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം, മുതലായവ എല്ലാം വിശദമായി പരിശോധിച്ച് കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദ്ദേശങ്ങൾ കൗൺസലർ നൽകുന്നതായിരിക്കും. എടുത്ത തീരുമാനത്തിൽ വ്യക്തി എത്രമാത്രം മുന്നോട്ട് പോയെന്ന് സമയബന്ധിതമായി പരിശോധിക്കാനും സംവിധാനം ഉണ്ടാകും. |

സെക്ഷൻ ഓഫീസർ